LIBRARY ARCHIVES Kerala Legislative Assembly

അത്തർ മണ്ഡലത്തിലെ പാണാവള്ളി പി.എച്ച്.സി.-യെ ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തി ഒരു അസിസ്റ്റന്റ് സർജന്റെ പുതിയ തസ്തിക സൃഷ്ടിക്കുകയുണ്ടായി.

(ബി) എൻ.ആർ.എച്ച്.എം. വഴി അത്തർ മണ്ഡലത്തിൽ ഏതെല്ലാം ഹോസ്പിറ്റലുകളിലാണ് ഡോക്ടർമാരെ നിയമിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ക്രമ നമ്പർ	ആരോഗ്യസ്ഥാപനം	ഡോക്ടർമാരുടെ എണ്ണം
1	കുടുംബാരോഗ്യകേന്ദ്രം, അത്തർ	1
2	കുടുംബാരോഗ്യകേന്ദ്രം, പാണാവള്ളി	1
3	കുടുംബാരോഗ്യകേന്ദ്രം, പെരുമ്പളം	3
4	താലൂക്ക് ആശുപത്രി, തുറവൂർ (ഡെന്റൽ സർജൻ.	1
കോവിഡ് 19 പ്രിവൻഷൻ ആക്റ്റിവിറ്റീസിനായി നിയമിച്ച മെഡിക്കൽ ഓഫീസർമാർ		
1	സാമൂഹികാരോഗ്യകേന്ദ്രം, അരൂക്കുറ്റി	1
2	സാമൂഹികാരോഗ്യകേന്ദ്രം, പെരുമ്പളം	1
3	താലൂക്ക് ആശുപത്രി, തുറവൂർ	1

ബേഡഡുക്ക സി.എച്ച്.സി.

188 (4913) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബേഡഡുക്ക സി.എച്ച്.സി.-ക്ക് കിഫ്ബി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക താലൂക്ക് ആശുപത്രി നവീകരണം കിഫ്ബിയിൽ ഉൾപ്പെടുത്തി 13.22 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കിഫ്ബി 10.165 കോടി രൂപയുടെ സാമ്പത്തികാനുമതി 2-3-2021-ൽ നൽകിയിട്ടുണ്ട്. കിറ്റ്കോ എന്ന എജൻസിയെയാണ് പ്രവൃത്തികളുടെ

LIBRARY ARCHIVES Kerala Legislative Assembly

സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി നിയമിച്ചിട്ടുള്ളത്. ആശുപത്രിയിലെ ഔട്ട് പേഷ്യന്റ് ബ്ലോക്ക്, കാഷ്വൽറ്റി, രോഗനിർണ്ണയ സംവിധാനങ്ങൾ എന്നിവയുടെ നവീകരണമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെൻണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകിയിട്ടില്ല. പദ്ധതി നിർവ്വഹണ ഏജൻസിയായ കിറ്റ്കോ സാങ്കേതികാനുമതിക്കുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) പ്രസ്തുത സി.എച്ച്.സി.-യുടെ സ്ഥലം അളന്ന് അതിർത്തി നിശ്ചയിച്ചതിൻ പ്രകാരം കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന പുതിയ കെട്ടിടം പുതിയ സ്ഥലത്തേയ്ക്ക് മാറ്റി പഴയ കെട്ടിടം പൊളിച്ചുനീക്കാതെ സംരക്ഷിക്കണമെന്ന ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി തീരുമാനത്തിൽ തുടർ പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

നേരത്തേ നിർമ്മാണത്തിനായി കണ്ടെത്തിയിരുന്ന സ്ഥലം മാറ്റി പുതുതായി അളന്ന് തിട്ടപ്പെടുത്തിയ സ്ഥലത്തേയ്ക്ക് ഡിസൈൻ മാറാതെ പുതിയ കെട്ടിടം നിർമ്മിക്കണമെന്നുള്ള ആശുപത്രി സൂപ്രണ്ടിന്റെ അപേക്ഷ ആരോഗ്യ വകുപ്പ് ഡയറക്ടർ പരിശോധിച്ചുവരികയാണ്.

(ഡി) എച്ച്.എം.സി. തീരുമാനം സ്ഥല സൗകര്യം കുറഞ്ഞ ഈ ആശുപത്രിക്ക് ഗുണകരമാകുമെങ്കിൽ ഈ വിഷയം പരിഗണിക്കുന്നതിലുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ?

ബേഡഡുക്ക താലൂക്ക് ആശുപത്രിയുടെ വികസനം കിഫ്ബിയിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്നതിന് 2020 മാർച്ചിൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി നിയമിച്ച കിറ്റ്കോ സ്ഥല പരിശോധന നടത്തി ആശുപത്രി അധികൃതരുമായും ആരോഗ്യ വകുപ്പ് ഡയറക്ടറുമായും ചർച്ച നടത്തി വിശദമായ പദ്ധതി രേഖ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിലെ ടെക്നിക്കൽ കമ്മിറ്റി ഇത് പരിശോധിച്ച് 2020 ഒക്ടോബറിൽ സർക്കാർ ഭരണാനുമതി നൽകി. തുടർന്ന് കിറ്റ്കോ തയ്യാറാക്കിയ വിശദ പദ്ധതി രേഖയുടെ അടിസ്ഥാനത്തിൽ കിഫ്ബി നടത്തിയ വിശദമായ സാങ്കേതിക പരിശോധനയ്ക്കുശേഷമാണ് 2021 മാർച്ചിൽ പദ്ധതിക്ക് കിഫ്ബി സാമ്പത്തിക അനുമതി നൽകിയത്. നിലവിലുള്ള പ്ലാനിൽ മാറ്റംവരുത്തി പ്രവൃത്തികൾ നടത്തുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാരിന്റേയും കിഫ്ബിയുടേയും അനുമതിയോടെ പദ്ധതിയിൽ മാറ്റം വരുത്തുന്നതിന് തടസ്സമില്ല.